(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2002 മുതൽ 2005 വരെ മുടങ്ങിക്കിടന്നിരുന്ന സ്പോർട്സ് കൗട്ടാ നിയമനം നടത്തുകയുണ്ടായി. 2006 മുതൽ 2009 വരെയുള്ള വർഷങ്ങളിലേക്കുള്ള സ്പോർട്സ് കൗട്ടാ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിക്കുകയും അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അവയുടെ സൂക്ഷ്മ പരിശോധന നടത്തിവരുന്നു. എത്രയും വേഗം പ്രസ്തുത നിയമനങ്ങൾ നടത്തുന്നതാണ്. കൂടാതെ സ്പോർട്സ് കൗട്ടാ നിയമന പദ്ധതി പ്രകാരം നിലവിലുണ്ടായിരുന്ന 20 ഒഴിവുകൾ 2009 മുതൽ 50 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

## പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി

**230 (680)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയത് എന്നാണെന്നും മൊത്തം അടങ്കൽ തുക എത്രയെന്നും ഏത് ഏജൻസിയാണ് നിർമ്മാണച്ചുമതല ഏറ്റെടുത്തതെന്നും വെളിപ്പെടുത്തുമോ ;

(സി) ഇവയിൽ എത്രയെണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ചുവെന്നും അതിനായി ഓരോന്നിനും എന്തുതുക ചെലവായെന്നും വെളിപ്പെടുത്തുമോ ;

(ഡി) മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും നിലവിലുള്ള സാഹചര്യത്തിൽ ഇവ എന്ന് പൂർത്തിയാക്കാനാകുമെന്നും വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഭരണാനുമതി നൽകിയിട്ടുള്ള സ്റ്റേഡിയങ്ങളെ സംബന്ധിച്ച വിശദവിവരം ചുവടെചേർക്കുന്നു :

| സ്റ്റേഡിയത്തിന്റെ പേരും ജില്ലയും | ഭരണാനുമതി നൽകിയ തീയതി | അടങ്കൽ തുക | നിർമ്മിക്കുന്ന ഏജൻസി |
|---|---|---|---|
| (1) | (2) | (3) | (4) |
| മഞ്ചേരി സ്പോർട്ട്സ് കോംപ്ലക്സും ഫുട്ബോൾ അക്കാഡമിയും, മലപ്പുറംജില്ല | 24-11-2008 | 1100 ലക്ഷം | മലപ്പുറം ജില്ലാ സ്പോർട്ട്സ് കൗൺസിൽ |
| മുനിസിപ്പാലിറ്റി സ്റ്റേഡിയം ആലപ്പുഴ | | 10,71,30,865 | ആലപ്പുഴ മുനിലിപ്പാലിറ്റി |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| നെടുങ്കണ്ടം സ്റ്റേഡിയം ഇടുക്കി ജില്ല | 4-3-2009 | 12,56,50,000 | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് |
| മുനിസിപ്പൽ സ്റ്റേഡിയം മൂവാറ്റുപുഴ | 31-3-2009 | 4,30,00,000 | മൂവാറ്റുപുഴ മുനിസിപ്പൽ സ്റ്റേഡിയം |
| ഹോക്കി സ്റ്റേഡിയം കൊല്ലം | 7-6-2010 | 11,71,22,835 | സി. റ്റി. രാമനാഥൻ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ചെന്നൈ |
| ഇൻഡോർ സ്റ്റേഡിയം കണ്ണൂർ | 16-1-2010 | 26,36,97,428 | കൺസോളിഡേറ്റഡ് കൺസ്ട്രക്ഷൻ കൺസോർഷ്യം ചെന്നൈ |
| ഷൂട്ടിംഗ് റേഞ്ച് വട്ടിയൂർക്കാവ് തിരുവനന്തപുരം | 23-7-2010 | 17,10,12,588 | സി. റ്റി. രാമനാഥൻ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ചെന്നൈ |
| കോട്ടപ്പടി മൈതാനം മലപ്പുറം | 21-1-2008 | 2.61 കോടി | കിറ്റ്കോ |
| ജിനചന്ദ്ര സ്റ്റേഡിയം വയനാട് | 29-7-2010 | 4.85 കോടി | പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് |
| പാലക്കാട് ഇൻഡോർ സ്റ്റേഡിയം | 3-12-2009 | 13,25,00,000 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം സൊസൈറ്റി |

(സി&ഡി) മേൽപ്പറഞ്ഞ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ചെലവ് സംബന്ധിച്ച കണക്കുകൾ അന്തിമമായി തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

**കളിസ്ഥലങ്ങൾ സംരക്ഷിക്കുവാൻ നിയമനിർമ്മാണം**

231 (681) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കളിസ്ഥലങ്ങളായി ഉപയോഗിച്ചിരുന്ന സ്ഥലങ്ങൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly